**സർക്കുലർ**

166/എസ്പിസി/ഡിഎച്ച്എസ്ഇ/2015 22/09/2015

വിഷയം: സ്റ്റുഡൻസ് പോലീസ് കേഡറ്റ്- ശാസ്ത്ര പ്രതിഭാ മത്സരം 2015- സംബന്ധിച്ച്

സ്വദേശി ശാസ്ത്ര പ്രസ്ഥാനത്തിന്റെ ഭാഗമായി **ശാസ്ത്ര പ്രതിഭാ മത്സരം 2015** സംഘടിപ്പിക്കുന്നു. ശാസ്ത്രമേഖലയിൽ വിദ്യാർത്ഥികളുടെ കഴിവു തെളിയിക്കുന്നതിനോടൊപ്പം ശാസ്ത്ര മേഖല ഒരു കരിയറായി തെരഞ്ഞെടുക്കുന്നതിനും സ്വദേശി ശാസ്ത്ര പ്രസ്ഥാനത്തിലൂടെ സാധ്യമാകുന്നു.

സംസ്ഥാനതലത്തിൽ മൂന്നുതലത്തിലായി ശാസ്ത്രപ്രതിഭാ മത്സരം സംഘടിപ്പിക്കുന്നു. രണ്ടുദിവസത്തെ ശാസ്ത്രക്യാമ്പിലൂടെ 6 മുതൽ പ്ലസ് വൺ വരെയുള്ള ആറായിരത്തിലധികം വിദ്യാർത്ഥികളിൽ നിന്നും എഴുത്തു പരീക്ഷയും മറ്റു പ്രവർത്തനങ്ങളിലൂടെയുമായി 12 പേരെ തെരഞ്ഞെടുക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് അവരുടെ സ്കൂളിനു വേണ്ടിയും സംസ്ഥാനത്തിനു വേണ്ടിയും ദേശീയതല മത്സരങ്ങളിൽ പങ്കെടുക്കാവുന്നതാണ്. പരീക്ഷ മലയാളത്തിലും എഴുതാവുന്നതാണ്. പ്ലസ് വൺ എസ്പിസി കേഡറ്റുകൾക്ക് **ശാസ്ത്ര പ്രതിഭാ മത്സരം 2015** ൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി എസ്പിസി ഡയറക്ടറേറ്റിൽ ബന്ധപ്പെടാവുന്നതാണ്.

ഒപ്പ്
പ്രോഗ്രാം കോഡിനേറ്റർ